LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) തലശ്ശേരി നഗരസഭാ സ്റ്റേഡിയം നവീകരണ പ്രവൃത്തികൾക്കായി 2.50 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിരുന്നു. ഇതുകൂടാതെ 'ടി' സ്റ്റേഡിയത്തിൽ നിലവിലുള്ള ബാസ്കറ്റ്ബോൾ കോർട്ട് അക്രൈലെറ്റ് പ്രതലത്തോടുകൂടി 68,77,000 രൂപ ചെലവിൽ പുതുക്കി നിർമ്മിക്കുന്നതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്. തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ മൊത്തം നവീകരണത്തിനായുള്ള പുതുക്കിയ പദ്ധതി തയ്യാറാക്കുമ്പോൾ മേൽ പ്രവൃത്തികൂടി ഉൾപ്പെടുത്തുവാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

സ്റ്റേഡിയം നിർമ്മാണത്തിനായി 2010-11-ലും 2013-14-ലും ഒരു കോടി രൂപ വീതം അനുവദിച്ചിരുന്നു. ഇതിൽ ആദ്യം അനുവദിച്ച ഒരു കോടി രൂപ പൊതുമരാമത്ത് (കെട്ടിടവിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 8782-00-102-97-ഡി2-IA PWD എന്ന ശീർഷകത്തിൽ കൈമാറിയിട്ടുണ്ട്. ഈ തുകയും 2013-14-ൽ അനുവദിച്ച തുകയും ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ സർക്കാർ ഏജൻസിയെ ഉപയോഗിച്ച് നടത്തുന്നതിന് കായികയുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഈ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പുകൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ സ്റ്റേഡിയം നവീകരണം

305 (3939) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ട്രഷറി നിക്ഷേപ സമാഹരണ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്റ്റേഡിയത്തിൽ ഗ്യാലറിയും സിന്തറ്റിക് ഫ്ലോറിംഗും അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് സ്റ്റേഡിയത്തിൽ ഗ്യാലറിയും സിന്തറ്റിക് ഫ്ളോറിംഗും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 3 കോടി രൂപയുടെ പദ്ധതി നിർദ്ദേശമാണ് സമർപ്പിച്ചിട്ടുള്ളത്. ഇതിനാവശ്യമായ തുക 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. 2015-16 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നതിനായി ധനവകുപ്പിന് സമർപ്പിച്ച പ്രൊപ്പോസലിൽ ഈ വിഷയവും ഉൾപ്പെടുത്തിയിട്ടുണ്ട്.

കോതമംഗലത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി

306 (3940) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന - ദേശീയ സ്കൂൾ കായിക മേളകളിൽ മികച്ച പ്രകടനം നടത്തുന്ന കോതമംഗലത്തെ സ്കൂളുകളുടെ മികവ് പരിഗണിച്ച് വിദ്യാർത്ഥികൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്ന തരത്തിൽ കോതമംഗലത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) കേരളത്തിന്റെ അഭിമാന കായികതാരങ്ങളെ വാർത്തെടുക്കുന്ന കോതമംഗലത്തെ സ്കൂളുകൾക്കും കായികാദ്ധ്യാപകർക്കും പ്രത്യേക സാമ്പത്തിക സഹായങ്ങൾ നൽകുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കോതമംഗലം ഗവൺമെന്റ് പോളിടെക്നിക് വക സ്ഥലത്ത് ഒരു സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിക്ക് കായിക വകുപ്പ് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.